കേരള സർക്കാർ

51214

സംഗ്രഹം

29/01/2016 വരെ നിയമനം ലഭിച്ച ജീവനക്കാരുടെ ശമ്പള കുടിശ്ശിക ധനമായി നൽകുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ (സാധാ) നം.2012/2017/പൊവിവ തിരുവനന്തപുരം, തീയതി 23/06/2017

പരാമർശം:- സ.ഉ (പി) നം. 29/16/പൊവിവ തീയതി 29/01/2016

**ഉത്തരവ്**

പരാമർശം പ്രകാരമുള്ള ഉത്തരവിലെ II (2), (3) ഖണ്ഡികകളനുസരിച്ച് നിയമനാംഗീകാരം ലഭിക്കുന്ന ജീവനക്കാരുടെ 29/01/2016 വരെയുള്ള ശമ്പളകുടിശ്ശിക പി.എഫിൽ നിക്ഷേപിക്കണമെന്ന് ഖണ്ഡിക II (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പി.എഫിൽ അംഗത്വമില്ലാത്തവർ/അംഗത്വം നിർബന്ധമില്ലാത്തവർ തുടങ്ങിയവർക്ക് 29/01/2016 വരെയുള്ള കുടിശ്ശിക പണമായി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ ലഭിക്കുകയുണ്ടായി

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, 29/01/2016 ലെ ഉത്തരവ് പ്രകാരം നിയമനാംഗീകാരം ലഭിച്ച് പി.എഫ് അക്കൗണ്ട് ആരംഭിക്കുന്നതിന് മുൻപ് എയ്ഡഡ് അദ്ധ്യാപക/അനദ്ധ്യാപക തസ്തികയിൽ നിന്നും മറ്റ് സർവ്വീസുകളിലേക്ക് മാറിപ്പോയവർക്കും, പി.എഫിൽ അംഗത്വമില്ലാത്തവർ/അംഗത്വം നിർബന്ധമില്ലാത്തവർ എന്നിവർക്കും അവർ എൽ.പി/ യു.പി/ഹൈസ്കൂളുകളിൽ സേവനമനുഷ്ഠിച്ച കാലയളവിലെ ശമ്പളം ധനമായി നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മധു.കെ**

**അഡീഷണൽ സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പുറത്തെഴുത്ത് കത്ത് നം.എച്ച്.2/34017/2017/ഡി.പി.ഐ തീയതി : 22/07/17**

പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും എയ്ഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകരുടെയും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**സ്വീകർത്താവ്:-** എല്ലാ ഡി.ഡി.ഇ/ ഡി.ഇ.ഒ / എ.ഇ.ഒ മാർക്കും

**പകർപ്പ്:-** എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി )